പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1810 — 10.02.2020-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യിൽ ആശ്രിത നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിൽ പെരുമ്പാവൂർ വിജിലൻസ് സ്ക്വാഡിന്റെ ചുമതല വഹിച്ചിരുന്ന പി.രാജീവിന്റെ ഒരു ആശ്രിതന് നിയമനം നൽകുന്നതിന് പകരം രണ്ട് പേർക്ക് ആശ്രിത നിയമനം നൽകിയതുമായി ബന്ധപ്പെട്ട് വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; റിപ്പോർട്ടിലെ കാതലായ ഉള്ളടക്കം വിശദീകരിക്കുമോ; | (എ) യും (ബി) യും | ആശ്രിത നിയമനം നടത്തിയതുമായി ബന്ധപ്പെട്ട് എറണാകുളം സ്ക്വാഡ് നടത്തി വരുന്ന അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമായിട്ടില്ല. 19.07.1990 ൽ ബഹു: കേരളാ ഹൈക്കോടതിയുടെ OP.No.6851/1987 പ്രകാരമുള്ള ഹൈക്കോടതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാകാത്തതിനാലാണ് അന്വേഷണം പൂർത്തീകരിക്കാൻ കഴിയാതെ വന്നത്. ആയത് ലഭ്യമാക്കി അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ അന്വേഷണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ട് പ്രകാരം നിയമ വിരുദ്ധമായി നിയമനം നൽകിയതിന് ഉത്തരവാദികളായവർ ആരൊക്കെയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കുമോ; | | |
| (സി) | ഉത്തരവാദികളായവർക്കെതിരെ കെ.എസ്.ആർ.ടി.സി. തലത്തിൽ നാളിതുവരെ സ്വീകരിച്ച ശിക്ഷാ നടപടികൾ എന്തെല്ലാം; ഓരോ ഉദ്യോഗസ്ഥനെതിരെയും സ്വീകരിച്ച നടപടികൾ വെവ്വേറെ വ്യക്തമാക്കുമോ; | (സി) യും (ഡി) യും | കെ.എസ്.ആർ.ടി.സി. വിജിലൻസ് വിഭാഗം നടത്തുന്ന അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ മറ്റ് തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. |
| (ഡി) | ഇക്കാര്യവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്നതിന് ആഭ്യന്തര/ വിജിലൻസ് വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നോയെന്നും എങ്കിൽ എന്ന്, എപ്രകാരം അന്വേഷണം നടത്തുന്നതിനാണ് ആവശ്യപ്പെട്ടിരുന്നതെന്നും പ്രസ്തുത അന്വേഷണത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**